"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ സംസ്ഥാന മിഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ശ്രീകാന്ത് എ. എസ്.-ന്റെ ചികിത്സ - പലിശരഹിത വായ്പ - അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ.)വകുപ്പ്**

സ.ഉ.(സാധാ) നം.2184/2025/LSGD തീയതി,തിരുവനന്തപുരം, 08-09-2025

---

പരാമർശം:-

1. സ.ഉ.(അ) നം.45/97/ആ.കു.വ. തീയതി 18/02/1997.
2. സ.ഉ.(അ) നം.285/2000/ആ.കു.വ. തീയതി 02/11/2000.
3. സ.ഉ.(അ) നം.298/2001/ആ.കു.വ. തീയതി 20/11/2001
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/08/2025-ലെ 1442/E1/2023/KSHO നമ്പർ കത്ത്.
5. ശ്രീ. ശ്രീകാന്ത് എ. എസ്, ജോയിന്റ് ഡയറക്ടറുടെ 12.08.2025-ലെ അപേക്ഷ.

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന മിഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ശ്രീകാന്ത് എ. എസ്.-ന്റെ ചികിത്സാ ആവശ്യത്തിനായി പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷ പരാമർശം (4) കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ നിന്നുള്ള 3,50,000/- രൂപയുടെ പ്രതീക്ഷിത ചെലവ് സംബന്ധിച്ച സാക്ഷ്യപത്രവും സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംസ്ഥാനമിഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ശ്രീകാന്ത് എ. എസ്. (ജനനത്തീയതി - 22/05/1977; PEN-740066)-ന് തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ ആൻജിയോപ്ലാസ്റ്റി ചികിത്സയ്ക്കായി 3,50,000/- രൂപ (രൂപ മൂന്നു ലക്ഷത്തി അൻപതിനായിരം മാത്രം) പലിശരഹിത ചികിത്സാവായ്പ (IFMA) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ചെലവ് "2515-00-102-29(PV)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3) ഇപ്രകാരം അനുവദിച്ച 3,50,000/- (മൂന്നു ലക്ഷത്തി അൻപതിനായിരം) രൂപയുടെ

പലിശരഹിത വായ്പ, ശ്രീ. ശ്രീകാന്ത് എ. എസ്. സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ ആറു മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ഒൻപത് മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12 % നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ/സർവീസ് രേഖകളിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. മേപ്പടി പലിശരഹിത ചികിത്സാവായ്പ ക്രമീകരിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലുകളിൽ പലിശരഹിത ചികിത്സാവായ്പാ അപേക്ഷ സമർപ്പിച്ചതിന് ശേഷമുള്ള ചികിത്സയുടെ ബില്ലുകൾ മാത്രം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

**പകർപ്പ് :-**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ശ്രീ. ശ്രീകാന്ത് എ. എസ്, പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ സംസ്ഥാനമിഷൻ (ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം ജില്ലാ ട്രഷറി

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഐ.എ.1/247/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 08-09-2025 15:40:09

സെക്ഷൻ ഓഫീസർ